18/04/2026

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/04/2026

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള കാമ്പയിൻ ആരംഭിക്കുന്നു. 14 ജില്ലകളിലുമായി 4500 പഴവർഗ്ഗ പോഷകത്തോട്ട യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന കൃഷിവകുപ്പിന്റെ "പോഷക സമൃദ്ധി മിഷന്റെ ഭാഗമായി, ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന "രാഷ്ട്രീയ കൃഷിവികാസ് യോജന പഴവർഗ പോഷകതോട്ട പദ്ധതി"യിൽ ഉൾപ്പെടുത്തിയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഒരു സ്ഥാപനത്തിനു പരമാവധി 5 യൂണിറ്റുകൾ വരെ (50 സെന്റ്) അനുവദിക്കും. മാവ്, പ്ലാവ്, പപ്പായ, പേര, നെല്ലി, സപ്പോട്ട, റംബൂട്ടാൻ പാഷൻ ഫ്രൂട്ട്, നാരകം, വെസ്റ്റ് ഇന്ത്യൻ ചെറി, തുടങ്ങി ഓരോ പ്രദേശത്തിനും അനുയോജ്യമായ പഴവർഗ ഇനങ്ങൾ പോഷകത്തോട്ടങ്ങളിൽ ഉൾപ്പെടുത്തും. ഇതിനാവശ്യമായി വരുന്ന പഴവർഗ തൈകൾ സൗജന്യമായി വിതരണം ചെയ്യും. കൂടുതൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് ജില്ലകളിലെ ഹോർട്ടിക്കൾച്ചർ മിഷനുമായോ കൃഷിഭവനുകളുമായോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

2. വെള്ളായണി കാർഷിക കോളേജിലെ CAITT ട്രെയിനിങ് ഹാളിൽ ഇന്ന് (18.04.2026) രാവിലെ 9.30 മണി മുതൽ 4 മണി വരെ **വാഴക്കൃഷി: ശാസ്ത്രീയ പരിപാലന രീതികൾ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. രെജിസ്ട്രേഷൻ ഫീസ് 500 രൂപ. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ ബന്ധപ്പെടുക.

**താപനില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ വളർത്തുമൃഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് പ്രത്യേക ശ്രദ്ധ നൽകണമെന്ന് മൃഗസംരക്ഷണ വകുപ്പ്.**

3. വളർത്തു മൃഗങ്ങൾക്കു അമിതമായ ചൂട് ജീവഹാനിക്ക് കരണമാകാമെന്നതിനാൽ ശരീരത്തിന്റെ ഊഷ്മാവ് ക്രമീകരിക്കണം. കുടിക്കാനായി ശുദ്ധജലം എല്ലായിപ്പോഴും പുൽത്തൊട്ടിയിൽ ലഭ്യമായിരിക്കണം. കൊടിയ വേനലിൽ ചൂട് കുറവുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അതിരാവിലെയും വൈകിട്ടും തീറ്റ നൽകുക; മൃഗങ്ങളെ മേയാൻ വിടുന്നത് വെയിലില്ലാത്ത സമയത്ത് മാത്രമായി നിയന്ത്രിക്കുകയോ, തണലത്തു മാത്രം കെട്ടുകയോ ചെയ്യണം. പകൽ 11 മണി മുതൽ വൈകിട്ട് മൂന്ന് മണി വരെ മൃഗങ്ങളെ പണികൾക്കായുപയോഗിക്കുന്നതും തുറന്ന വാഹനങ്ങളിൽ കൊണ്ടുപോകുന്നതും ഒഴിവാക്കണം.

അണപ്പ്, തുറന്ന വായ, നീട്ടിയ നാക്ക്, താഴ്ത്തിയ തല, ഉയർന്ന ശരീര ഊഷ്മാവ്, വായിൽ നിന്നും പത വരുക, ഉയർത്തിയ വാൽക്കട, വീണു പോവുക എന്നിവ ചൂട് ആഘാതത്തെ സൂചിപ്പിക്കുന്ന ലക്ഷണങ്ങളാണ്. ചൂട് കൂടുമ്പോൾ മേൽ സൂചിപ്പിച്ച ലക്ഷണങ്ങള് കാണുകയാണെങ്കിൽ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കി വിദഗ്ധ ചികിത്സ നൽകണം. ശരീര ഊഷ്മാവ് കൂടുമ്പോൾ പശുക്കൾ തീറ്റ എടുക്കുന്നതു കുറയുന്നു. ഇത് പാലുൽപാദനം ഗണ്യമായി കുറയാന് കാരണമാകും. വേനൽക്കാലത്ത് തൊഴുത്തിന്റെ മൂന്ന് ഭാഗമെങ്കിലും തുറന്നുകിടക്കണം. തൊഴുത്തിന്റെ ഉയരം പത്ത് അടിയിൽ കുറയരുത്. മേൽക്കൂരയ്ക്ക് മുകളിൽ വൈക്കോൽ നിരത്തുകയോ ചൂടിനെ തടയുന്ന പെയിന്റുകൾ ഉപയോഗിക്കുകയോ ചെയ്യണം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മൈക്രോസ്പ്രിംഗ്ലർ വഴിയുള്ള തണുപ്പിക്കൽ സംവിധാനം പ്രയോജനപ്രദമാണ്. സീറോ എനർജി തണുപ്പിക്കൽ എന്നറിയപ്പെടുന്ന ഈ പ്രക്രിയയിലൂടെ 13 ഡിഗ്രിവരെ ശരീര താപനില കുറയ്ക്കാൻ സാധിക്കും. കൊമേഴ്സ്യൽ ഫാമുകളിൽ ഡ്രൈ ബൾബ് – വെറ്റ് ബൾബ് തെർമോമീറ്റർ ഉപയോഗിച്ച് ആപേക്ഷിത സാന്ദ്രത പരിശോധിച്ച് പശുക്കളിലെ ചൂടാഘാതം നിയന്ത്രിക്കാവുന്നതാണ്. കാറ്റുള്ള സ്ഥലങ്ങളിൽ നനച്ച ചാക്ക് വശങ്ങളിൽ തൂക്കിയിട്ടാൽ ചൂട് കുറക്കാൻ സാധിക്കും. സെൽഫ് പ്രൊപ്പെല്ലിംഗ് റൂഫ് ടോപ്പ് ടർബൈനുകൾ മേൽക്കൂരയിൽ സ്ഥാപിക്കുന്നതും ഉപകാരപ്രദമാണ്. ശരീര ഊഷ്മാവ് വല്ലാതെ കൂടുമ്പോൾ പശുക്കൾക്ക് നിർജ്ജലീകരണവും, ശരീരം തളർന്ന് കിടന്നുപോവുകയും ഉടനടി ചികിത്സ നൽകിയില്ലെങ്കിൽ മരണം സംഭവിക്കുകയും ചെയ്യും. പച്ചപ്പുല്ലു പൊതുവെ കുറവായ വേനൽക്കാലത്ത് വൈക്കോൽ കുതിർത്തി കൊടുക്കുക. ലഭ്യമായിട്ടുള്ള പച്ചപ്പുൽ വൈക്കോലുമായി കൂട്ടികലർത്തി കൊടുക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വളർത്തു പക്ഷികൾക്കും അവയുടെ കൂടുകളുടെ മുകളിൽ തണൽ, വൈക്കോൽ/ ഷെയ്ഡ് നെറ്റ് ഉപയോഗിച്ചുള്ള സംരക്ഷണം, കുടിക്കാൻ യഥേഷ്ടം വെള്ളം, ചെറിയ കൂടുകൾ തണലത്തേയ്ക്ക് മാറ്റിവെയ്ക്കൽ എന്നിവ പ്രധാനപ്പെട്ട ചൂടാഘാതനിയന്ത്രണ മാർഗ്ഗങ്ങളാണ്.

അരുമ മൃഗങ്ങളായ നായ, പൂച്ച മുതലായവയുടെ കൂട് കഠിനമായ വെയിലിൽ നിന്നും മാറ്റണം. ഭക്ഷണത്തോടൊപ്പം ആവശ്യത്തിന് ശുദ്ധജലം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അരുമ മൃഗങ്ങൾക്ക് പുളി ഇല്ലാത്ത ഒ.ആർ.എസ് ലായിനികളും പൂച്ചകൾക്ക് ഡ്രൈ ഫുഡ് കൂടാതെ വെറ്റ് ഫുഡും വേനൽക്കാല പരിചരണത്തിന്റെ ഭാഗമായി നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടാം. മരണം ഉണ്ടായാൽ ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയിൽ അറിയിക്കണം.